LIBRARY ARCHIVES Kerala Legislative Assembly

പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിന് കേന്ദ്ര വിഹിതം

29 [1007] ശ്രീ. എം. പി. ഗംഗാധരൻ:
„ എഴുകോൺ നാരായണൻ:
„ ടി. വി. ചന്ദ്രമോഹൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിന് കേന്ദ്രം എന്തുതുക നൽകും;

(ബി) സംസ്ഥാനം ഈ പദ്ധതിക്കുവേണ്ടി എന്തുതുക മുതൽ മുടക്കേണ്ടതുണ്ട്;

(സി) ഈ പദ്ധതിയുടെ ആദ്യഗഡുവായി കേന്ദ്രം എന്തുതുക അനുവദിക്കും;

(ഡി) ഈ പദ്ധതിയുടെ പണി എന്നാരംഭിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിന് 319.70 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. എന്നാൽ ആകെ 18.45 കോടി രൂപയുടെ ഭരണാനുമതി മാത്രമാണ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചത്. ഇതിന്റെ 30% സംസ്ഥാന വിഹിതമാണ്.

(ബി) ഈ പദ്ധതിയുടെ 30% തുക സംസ്ഥാനം വഹിക്കേണ്ടതുണ്ട്. 18.45 കോടി രൂപയുടെ കേന്ദ്ര ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ സംസ്ഥാനം 5.53 കോടി രൂപ മുതൽ മുടക്കേണ്ടതുണ്ട്.

(സി) പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കുന്നതിന്റെ ഭാഗമായി ചില പ്രവർത്തികൾക്ക് 18.45 കോടി രൂപയുടെ ഭരണാനുമതി കേന്ദ്രം നൽകിയിട്ടുണ്ട്. ഈ തുകയുടെ 70% (12.92 കോടി രൂപ) കേന്ദ്രം അനുവദിക്കും ഇവയുടെ 30% തുകയായ 5.53 കോടി രൂപ സംസ്ഥാനം വഹിക്കേണ്ടതാണ്. ഈ പദ്ധതിയുടെ ആദ്യഗഡുവായ (2003-04) 2.45 കോടി രൂപയിൽ 75 ലക്ഷം രൂപ കേന്ദ്രം അനുവദിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതിയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപ്പിലാക്കുന്ന ജോലികൾക്കായി 4-8-2004 അവസാന തീയതിയായി ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്.

നദികളിൽ ഉണ്ടാകുന്ന മാറ്റം

30 [1008] ശ്രീ. വർക്കല കഹാർ:
„ കെ. എ. ചന്ദ്രൻ:
„ എ. കെ. മണി:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം നദികളിലേക്ക് ഓരുവെള്ളം കയറുന്നുണ്ട്;